**വിപണിയുടെ തീരുമാനങ്ങൾക്ക് പുറത്ത് മാധ്യമപ്രവർത്തനത്തിന് എന്തെല്ലാം സാധ്യതകളാണുള്ളതെന്നും എന്ത് പറയുന്നു എന്നതുപോലെ എങ്ങനെ പറയുന്നു എന്നത് പ്രധാനമാകുന്നതെങ്ങനെയെന്നും സത്യം ചോർന്നുപോകാത്ത വിധത്തിൽ മാധ്യമപ്രവർത്തനത്തെ ക്രിയാത്മകമാക്കാനുള്ള വഴികളെക്കുറിച്ചും പ്രശസ്ത ഡോക്യുമെന്ററി സംവിധായകനും ഫിലിം ഡിവിഷൻ ഡയറക്ടറുമായ**

**ജോഷി ജോസഫ്**

**കേരളീയവുമായി സംസാരിക്കുന്നു**

# പ്രതിസന്ധിയുടെ സാധ്യതകൾ

**വിപണിയുടെ തീരുമാനങ്ങൾക്ക് പുറത്ത് മാധ്യമപ്രവർത്തനത്തിന് എന്തെല്ലാം സാധ്യതകളാണ് ഇന്നുള്ളത്?**

മാധ്യമങ്ങൾ വീക്ഷണങ്ങളല്ല, വാർത്തകൾ തന്നെയാണ് കൊടുക്കേണ്ടത്. പക്ഷെ റിപ്പോർട്ട് ചെയ്യുന്ന വാർത്തയിലെ വസ്തുത എന്നത് പലപ്പോഴും സെലക്ടീവാണ്. മൂലമ്പിള്ളിയിൽ മഹാശ്വേതാദേവി നടത്തിയ പ്രഭാഷണം പല പത്രങ്ങളിലും പല തരത്തിൽ വരാനുള്ള കാരണം അതാണ്. മൂലമ്പിള്ളി കേരളത്തിന്റെ സിംഗൂർ എന്ന് അവരുടെ വാചകത്തിനാണ് പത്രങ്ങൾ കൂടുതൽ പ്രാധാന്യം നൽകിയത്. ആ റിപ്പോർട്ടിംഗ് വസ്തുതാപരമാണോ എന്ന് ചോദിച്ചാൽ അതെ എന്നുതന്നെ പറയാം. പ്രധാനമല്ലാത്ത വാചകങ്ങളാണ് പത്രങ്ങൾ മുഖ്യമായും ഒഴിവാക്കിയത്. റിപ്പോർട്ടർമാർ വസ്തുതകളെ തെരഞ്ഞെടുക്കുന്നതിനനുസിരിച്ചാണ് വാർത്തകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഈ തെരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്ന പ്രധാനഘടകം വിപണിയാണ് എന്നതാണ് പ്രശ്നം. മഹാശ്വേതാദേവിയുടെ പ്രഭാഷണം ഒരു ലോക്കൽ ചാനൽ എഡിറ്റ് ചെയ്യാതെ മുഴുവൻ കാണിച്ചു. അതും മാർക്കറ്റിന്റെ തീരുമാനമാണ്. ലൈവായി സംഭവം ആളുകളെ കാണിക്കുക എന്നതുമാത്രമാണ് ആ ചാനലിന് പ്രധാനം. അല്ലാതെ മഹാശ്വേതാദേവി സംസാരിക്കുന്നതിന്റെ രാഷ്ട്രീയം തിരിച്ചറിഞ്ഞിട്ടല്ല അവർ അത് എഡിറ്റ് ചെയ്യാതെ കാണിച്ചത്. അപ്പോൾ വസ്തുതകളുടെ എഡിറ്റിംഗിനെ നിർണ്ണയിക്കപ്പെടുന്നത് മാർക്കറ്റിന്റെ ഡിമാൻഡിന് അനുസരിച്ചാണ്. വിപണിയുടെ ഭാഗമായി നിൽക്കുന്ന മുഖ്യധാരാ മാധ്യമങ്ങളെല്ലാം അത്തരത്തിലാണ് സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. സത്യം എന്ന് പറയുന്നത് മൾട്ടിഡൈമൻഷണൽ ആണ്. റിപ്പോർട്ട് ചെയ്യുമ്പോഴും സത്യം നിർണ്ണയിക്കപ്പെടുന്നത് ആ രീതിയിലാണ്.

ഒരു ഉദാഹരണം പറയാം. പത്രങ്ങളിൽ രാഷ്ട്രീയ – സാമ്പത്തിക വിദഗ്ധരുടെ ലേഖനങ്ങളാണ് ഞാൻ ഇപ്പോൾ കൂടുതലും വായിക്കുന്നത്. ടെലഗ്രാഫിലെ അശോക് മിത്രയുടെ കോളം വളരെ നല്ലതാണ്. സ്റ്റേറ്റ്സ്മെൻ പത്രത്തേക്കാൾ ടെലഗ്രാഫാ

ണ് എനിക്ക് മികച്ചതായി തോന്നുന്നത്. ടെലഗ്രാഫിന്റെ എഡിറ്റോറിയൽ പേജിൽ മികച്ച ലേഖനങ്ങൾ മിക്കപ്പോഴുമുണ്ടാകും. കളർഫുൾ വാർത്തകൾക്കായി ടെലഗ്രാഫ് ടു എന്ന പേരിൽ ഒരു പുൾഔട്ട് കൊൽക്കത്ത നഗരപരിധിയിൽ മാത്രം പുറത്തിറക്കുന്നുണ്ട്. പരസ്യവരുമാനം ടെലഗ്രാഫ് ടുവിൽ നിന്നാണ് ടെലഗ്രാഫ് കണ്ടെത്തുന്നത്. എന്നാൽ ടെലഗ്രാഫ് മുഖ്യ പത്രം വളരെ ഗൗരവത്തോടെ തന്നെ അവർക്ക് നിലനിർത്താൻ കഴിയുന്നു

**മാധ്യമങ്ങൾ ആവർത്തിച്ച് ഉപയോഗിച്ച് പല വാക്കുകൾക്കും അർത്ഥം നഷ്ടമായിരിക്കുന്നു. 5000 പേരോട് ക്രിസ്തു സംസാരിച്ചത് മൈക്കില്ലാതെയായിരുന്നു. എന്നാൽ ഇന്ന് ശബ്ദത്തിന്റെ ലെവൽ വളരെ കൂടുതലാണ്. പ്രത്യേക ലെവലിൽക്കൂടിയാൽ ശബ്ദം കേൾക്കാൻ കഴിയില്ല. മാധ്യമങ്ങൾ നേരിടുന്ന പ്രതിസന്ധിയും അതാണ്**


ജോഷി ജോസഫ് സംവിധാനം ചെയ്ത 'ജേർണിയിംഗ് വിത്ത് മഹാശ്വേതാദേവി' എന്ന ഡോക്യുമെന്ററിയിലെ ദൃശ്യം

മുണ്ട്. മാർക്കറ്റുമായി നെഗോഷിയേറ്റ് ചെയ്യാൻ കഴിയുന്നതുകൊണ്ടാണ് അവർക്ക് അത് സാധിക്കുന്നത്. മാറിനിന്ന് മാർക്കറ്റിനോട് കലഹിച്ചാൽ അത് സാധ്യമാകണമെന്നില്ല. ഇരകളോട് നിങ്ങൾ ഇരകളാണെന്ന് എപ്പോഴും പറയാൻ കഴിയും. എന്നാൽ ടൈംസ് ഓഫ് ഇന്ത്യ നടത്തുന്നത് നെഗോസിയേഷനല്ല. അവിടെ എഡിറ്റോറിയൽ പേജ് പോലും നിശ്ചയിക്കുന്നത് മാർക്കറ്റിംഗ് എഡിറ്ററിംഗാണ്. മാർക്കറ്റിനോട് അടിയറവ് പറയുകയാണവർ. സ്ഥാപനം നിശ്ചയിച്ചില്ലെങ്കിലും ചില വ്യക്തികൾ വിചാരിച്ചാൽ മാർക്കറ്റിനോട് നെഗോഷിയേറ്റ് ചെയ്യാൻ കഴിയും. സമൂഹത്തിൽ എത്ര വ്യക്തികൾ അങ്ങനെയുണ്ടാകുന്നു എന്നതാണ് പ്രധാനം.

### മാധ്യമപ്രവർത്തകൻ എന്ന നിലയിൽ താങ്കൾ നേരിടുന്ന പ്രധാന വെല്ലുവിളി?

മാധ്യമപ്രവർത്തനത്തിൽ വെല്ലുവിളി എപ്പോഴുമുണ്ട്. എഴുത്തിലാണെങ്കിൽ ഭാഷയും സിനിമയിൽ ദൃശ്യഭാഷയും സ്ഥിരമായി വെല്ലുവിളിയുയർത്തുന്നു. എങ്ങനെ വാചകത്തിലൂടെ/ദൃശ്യത്തിലൂടെ ഒരു സാഹചര്യത്തെ നിങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നു എന്നത് പ്രധാനമാണ്. രാഷ്ട്രീയ ലേഖനം പോലും കഥ പറയുന്നതുപോലെ എഴുതാനാണ് ഞാൻ ശ്രമിക്കുന്നത്. വായനക്കാരന് നല്ല തിരക്കഥ പോലെ അത് വായിക്കാൻ കഴിയണം. ആ ലേഖനത്തിൽ ഞാൻ പറഞ്ഞ രാഷ്ട്രീയമാണ് പ്രധാനമായി വരുന്നതെങ്കിലും വായിക്കാൻ തോന്നുന്ന രീതിയിൽ അത് അവതരിപ്പിക്കാൻ ശ്രമിക്കണം. എന്ത് പറയുന്നു എന്നതുപോലെ എങ്ങനെ പറയുന്നു എന്നതും ഞാൻ വെല്ലുവിളിയായി കരുതുന്നു.

ഞാനും എന്റെയുള്ളിലെ എഴുത്തുകാരനും മുഖാമുഖം വരുമ്പോഴുണ്ടാകുന്ന വെല്ലുവിളിയാണ് മറ്റൊന്ന്. സ്വത്വത്തിലേക്ക് നോക്കുന്ന നാർസിസ്റ്റ് അംശം ഗൗരവമുള്ള എല്ലാ കലാപ്രവർത്തകനിലുമുണ്ട്. എന്നോട് സംവദിക്കാൻ കഴിയുന്ന എവിടെയോ ഇരിക്കുന്നവരെ ഞാൻ തിരയുന്നു. എന്നാൽ ചലച്ചിത്രകാരന് അത്ര സ്വീകാര്യത കിട്ടില്ല. സിനിമയ്ക്ക് അമൂർത്തതയില്ലല്ലോ. സാഹിത്യം അമൂർത്തമാണ്. ലക്ഷക്കണക്കിന് റാഹേലുമാർ പല മനസുകളിൽ ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നതാണ് അരുന്ധതിറോയിക്ക് കിട്ടുന്ന സ്വീകാര്യത. സിനിമയാകുമ്പോൾ അത് ചലച്ചിത്രകാരൻ ആവിഷ്കരിക്കുന്ന റാഹേലായി മാറുന്നു. ഗോഡ് ഓഫ് സ്മോൾതിംഗ്സ് സിനിമയാക്കാത്തതിന്റെ കാരണമായി അരുന്ധതി പറഞ്ഞതും അതാണ്. മൂർത്തമായ സിനിമയിൽ അമൂർത്തതതയുടെ അംശം കൊണ്ടുവരാൻ കഴിഞ്ഞ കലാകാരന്മാരുണ്ട്. തർക്കോവിസ്കിക്കും ബർഗുമാനുമെല്ലാം അത് സാധിച്ചിരുന്നു. യാഥാർത്ഥ്യങ്ങളെ പ്രതിനിധീകരിക്കുന്നതിനാൽ ഡോക്യുമെന്ററി ചെയ്യുമ്പോൾ അമൂർത്തത കൊണ്ടുവരാൻ വളരെ പ്രയാസമാണ്. എന്നാൽ എന്റെ മഹാശ്വേതാദേവി – ക്ലോസ്അപ് എന്ന ഡോക്യുമെന്ററി തിരുവനന്തപുരം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ചപ്പോൾ

മൂർത്തമായ സിനിമയെ അമൂർത്തമായ സാഹിത്യത്തോട് അടുപ്പിക്കാൻ ശ്രമിച്ചു എന്ന് നിരൂപകർ അഭിപ്രായപ്പെടുകയുണ്ടായി.

ഞാൻ എന്റെ ഭാഷയെ എത്രകണ്ട് സ്വകാര്യമാക്കാൻ ശ്രമിക്കുമ്പോഴും ഇട പെടുന്നത് പൊതുസമൂഹവുമായാണ്. ഈ ഘർഷണത്തിൽ നിന്നാണ് എഴുത്തുണ്ടാകേണ്ടത്. അരുന്ധതിയുടെ രാഷ്ട്രീയ ലേഖനങ്ങൾക്ക് മറ്റ് രാഷ്ട്രീയ ലേഖനങ്ങൾക്കില്ലാത്ത സ്വീകാര്യത കിട്ടുന്നത് അതുകൊണ്ടാണ്. നിങ്ങൾ ലോകത്തിലേക്കിറങ്ങി, നിങ്ങളുടെ ലോകത്തിലെ ഭാഷ തിരയാൻ ശ്രമിക്കുമ്പോഴാണ് അത് സാധ്യമാകുന്നത്.

മാധ്യമങ്ങൾ ഉപയോഗിച്ച്, ഉപയോഗിച്ച് പല വാക്കുകൾക്കും അർത്ഥം നഷ്ടമായിരിക്കുന്നു. 5000 പേരോട് ക്രിസ്തു സംസാരിച്ചത് മൈക്കില്ലാതെയായിരുന്നു. എന്നാൽ ഇന്ന് ശബ്ദത്തിന്റെ ലെവൽ വളരെ കൂടുതലാണ്. പ്രത്യേക ലെവലിൽക്കൂടിയാൽ ശബ്ദം കേൾക്കാൻ കഴിയില്ല. മാധ്യമങ്ങൾ നേരിടുന്ന പ്രതിസന്ധിയും അതാണ്.

**മാധ്യമപ്രവർത്തനത്തിനിടയിൽ അനുഭവപ്പെട്ട പ്രതിസന്ധിയെ ക്രിയാത്മകമായി മറികടക്കാൻ നടത്തിയ ശ്രമങ്ങൾ താങ്കളുടെ അനുഭവത്തിൽ ഫലപ്രദമായിരുന്നോ?**

ചിലപ്പോൾ അതും പരാജയപ്പെടും. മണിപ്പൂരിനെക്കുറിച്ചുള്ള ഡോക്യുമെന്ററി നിർമ്മിക്കുമ്പോൾ എനിക്ക് അത്തരമൊരു അനുഭവമുണ്ടായി. ഇറോം ശർമ്മിള നിരാഹാരം തുടങ്ങാൻ കാരണമായ സംഭവമാണ് മാലോം സ്ഫോടനം. 2000ൽ ആണ് അത് നടക്കുന്നത്. അതിന് ശേഷമാണ് മണിപ്പൂരിനെക്കുറിച്ച് ഡോക്യുമെന്ററി ചെയ്യാനായി ഞങ്ങൾ അവിടെയെത്തുന്നത്. മാലോം സ്ഫോടനം ഡോക്യുമെന്ററിക്ക് വേണ്ടി ഞങ്ങൾ പുന:സൃഷ്ടിച്ചു. ബോംബിന് പകരം ഗുണ്ടാണ് ഉപയോഗിച്ചത്. തെരുവിൽ ഗുണ്ട് പൊട്ടുമ്പോഴുള്ള ജനത്തിന്റെ സ്വാഭാവിക പ്രതികരണം ക്യാമറയിൽ ഒപ്പാനായിരുന്നു പദ്ധതി. എന്നാൽ ഞങ്ങളുടെ ഗുണ്ടിനോട് തെരുവിൽ നിന്നവർ തണുത്ത രീതിയിലാണ് പ്രതികരിച്ചത്. കാരണം സ്ഫോടനങ്ങൾ ശീലമായ മണിപ്പൂരുകാർക്ക് ബോംബിന്റെ ഗുണ്ടിന്റെയും ശബ്ദം നന്നായി തിരിച്ചറിയാമായിരുന്നു. ബോംബ് പൊട്ടുമ്പോഴുള്ള സ്വാഭാവിക പ്രതികരണം ഒപ്പിയെടുക്കാനിരുന്ന ഞങ്ങളുടെ ശ്രമം പാളി. ക്രിയാത്മകമായി മറികടക്കാൻ ശ്രമിച്ച ഒരു പ്രതിസന്ധി അവിടെ വീണ്ടും പ്രതിസന്ധിയായി മാറുകയായിരുന്നു. പക്ഷെ ആ പ്രതിസന്ധിയാണ് നല്ല കലാകാരന്മാരേയും മാധ്യമപ്രവർത്തകരേയും സൃഷ്ടിക്കുന്നത്. ഇറാനിൽ നല്ല സിനിമയുണ്ടാകാൻ കാരണം അവിടെ കലാകാരന്മാർക്ക് പ്രതിസന്ധിയുണ്ട് എന്നതാണ്.

**മാധ്യമഇടം വികസിച്ചെങ്കിലും അത് വേണ്ടത്ര ഫലപ്രദമാകാതെ പോകുന്നില്ലേ?**

പത്രങ്ങളുടെ എണ്ണം കൂടിയെങ്കിലും വൈവിദ്ധ്യം ഫലത്തിൽ സംഭവിക്കുന്നില്ല. പത്രത്തിൽ അടിച്ചുവരാൻ കഴിയുന്ന തരത്തിലുള്ള തലക്കെട്ട് പറയുന്നവർക്കാണ് അവർ കൂടുതൽ ഇടം നൽകുന്നത്. വസ്തുതകൾ പറയാൻ അറിയുന്നവർക്ക് ഇടം കുറവാണ്. ദൃശ്യമാധ്യമങ്ങളിലും അതാണ് സംഭവിക്കുന്നത്. ചാനലുകൾ വാർത്ത അവതരിപ്പിക്കുന്നതിന്റെ വേഗത നമ്മൾ ചിന്തിക്കാൻ എടുക്കുന്ന വേഗതയേക്കാൾ വളരെ കൂടുതലാണ്. ആ വേഗതയിൽ ചിന്ത എന്ന ജൈവികപ്രവർത്തനം നടക്കില്ല. വാർത്ത കാണുന്നയാളെ ചിന്തിപ്പിക്കാൻ അവർ ആഗ്രഹിക്കുന്നില്ല എന്നാണ് അതിൽ നിന്നും വ്യക്തമാകുന്നത്. 24 മണിക്കൂർ വാർത്തയുള്ള ചാനലുകൾ പരമാവധി രണ്ട് മിനിട്ട് മാത്രമാണ് ഒരു വാർത്തയിലെ സംഭാഭഷണ ഭാഗത്തിനായി നീക്കിവയ്ക്കുന്നത്. ആ സമയത്തിനുള്ളിൽ ആർക്കും ഒരു പ്രശ്നം പൂർണ്ണമായി അവതരിപ്പിക്കാൻ കഴിയില്ല. മൂലമ്പിള്ളിയുടെ ഇപ്പോഴത്തെ സ്ഥിതി അവതരിപ്പിക്കണമെങ്കിൽ അരമണിക്കൂർ സംസാരിക്കേണ്ടിവരും. എന്നാൽ അരമണിക്കൂർ നിങ്ങൾക്ക് കിട്ടില്ല. അതുകൊണ്ടുതന്നെയാണ് ദൃശ്യമാധ്യമത്തിൽ വൈവിധ്യമുണ്ടാകാത്തത്. വൈവിധ്യമുണ്ടാക്കാനുള്ള ശ്രമങ്ങൾ അവർ നടത്തുന്നുണ്ട്. പക്ഷെ ആ വൈവിധ്യം പ്രതീതിയാണ്. ഉള്ളിലേക്ക് പോയാൽ അതുണ്ടാകണമെന്നില്ല. വൈവിധ്യമുണ്ടാക്കാൻ വിപണി അനുവദിക്കുകയുമില്ല.

പരസ്യങ്ങൾക്ക് അറുപത് സെക്കൻഡ് മതി എല്ലാം പറയാൻ. കാരണം 60 സെക്കൻഡിൽ എല്ലാ പറയാൻ അവർക്കറിയാം. 60 സെക്കൻഡിൽ ഒരു കാറിനെക്കുറിച്ച് നിങ്ങൾക്ക് എല്ലാം പറയാം, അതിന്റെ സത്യമൊഴിച്ച് എന്ന് ചലച്ചിത്രകാരൻ ഗൊദാർദ് പറഞ്ഞിട്ടുണ്ട്. വാർത്തയ്ക്കുള്ളിലെ രണ്ട് മിനിട്ടിൽ ഒരു കാര്യം പറയാൻ നിങ്ങൾ ശ്രമിക്കുമ്പോഴും അതാണ് സംഭവിക്കുന്നത്. സത്യം ചോർന്നു പോകും. ക്രിയാത്മകമാവുക എന്നത് മാത്രമാണ് ഇതിന് പരിഹാരം.

**ഒരിക്കൽ അവതരിപ്പിച്ച വിഷയത്തെ സ്ഥിരമായി പിന്തുടരുമ്പോൾ (ഫോളോഅപ്) മാത്രമാണ് നീതിപൂർണ്ണമായ മാധ്യമപ്രവർത്തനം പലപ്പോഴും സാധ്യമാകുന്നത്. എന്നാൽ ആവർത്തനം വായനക്കാരെ അകറ്റുമെന്ന കാരണം പറഞ്ഞ് വിഷയങ്ങളെ അവതരിപ്പിച്ച് ഉപേക്ഷിക്കുന്ന രീതിയാണ് മാധ്യമങ്ങൾ ഇപ്പോൾ തുടരുന്നത്. ഈ ആവർത്തനം പ്രശ്നമാകുന്നുണ്ടോ? ചില വ്യക്തികളേയും വിഷയങ്ങളേയും സ്ഥിരമായി പിന്തുടരുന്ന മാധ്യമപ്രവർത്തകനെന്ന നിലയിൽ താങ്കളുടെ അഭിപ്രായമെന്താണ്?**

ഒരുകാര്യം സാധ്യമാകുന്നതുവരെ അതിനുവേണ്ടി തൂലിക ചലിപ്പിച്ച ആളാണ് ഗാന്ധി. സ്വാതന്ത്ര്യസമരത്തിന്റെ പശ്ചാത്തലത്തിൽ ആളുകൾ അത് വായിക്കാൻ തയ്യാറായി. എന്നാൽ പ്ലാച്ചിമട സമരത്തെക്കുറിച്ച് നിങ്ങൾ സ്ഥിരമായി എഴുതിയപ്പോൾ വായനക്കാർ നിങ്ങളെ കൈവിട്ടു. സൂക്ഷമമായി നോക്കിയാൽ ഒരേ കാര്യമല്ല പറഞ്ഞത് എന്ന് കാണാൻ കഴിയും. എന്നാലും പ്ലാച്ചിമട ആവർത്തിക്കുന്നതായി വായനക്കാർക്ക് തോന്നുന്നു. ക്രിയാത്മകമായി അവതരിപ്പിക്കാൻ ശ്രമിക്കുക എന്നതാണ് വായനക്കാർക്ക് അനുഭവപ്പെടുന്ന ആ ആവർത്തനം ഒഴിവാക്കാനുള്ള മാർഗ്ഗം. ബർത്തിക എന്ന മാസിക നടത്തിയിരുന്നപ്പോൾ വിഷയങ്ങൾ ആവർത്തിക്കുന്നത് പരിഹരിക്കാൻ കർഷകരെക്കൊണ്ട് അവരുടെ ഭാഷയിൽ മഹാശ്വേതാദേവി എഴുതിച്ചിരുന്നു. വായനക്കാർ അത് സ്വീകരിക്കുകയും ചെയ്തു.